**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4664** — **19-03-2025 - ൽ മറുപടിയ്ക്ക്**

**കോട്ടായി-അയ്യൻകുളം നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഇറിഗേഷൻ പ്ലാൻ ഫണ്ട് 2024-25 ൽ ഉൾപ്പെടുത്തിയ കോട്ടായി-അയ്യൻകുളം നവീകരണം നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (എ) | ഇറിഗേഷൻ പ്ലാൻ ഫണ്ട് 2023-24 ൽ ഉൾപ്പെടുത്തിയ തരൂർ മണ്ഡലത്തിലെ കോട്ടായി-അയ്യൻകുളം നവീകരണം എന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വയ്ക്കുകയും പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം 16.10.2025 തീയതിയാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി. ഈ കുളത്തിന് സമീപത്ത് കൂടി മലമ്പുഴ ജലസേചന പദ്ധതിയുടെ കാഡ കനാൽ വഴി രണ്ടാമത്തെ വിളയ്ക്ക് ജലസേചനം നടത്തുന്നതുമൂലം പ്രവൃത്തി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. മലമ്പുഴ കനാൽ ജല വിതരണം 06-03-2025 ന് അവസാനിച്ച സാഹചര്യത്തിൽ, കുളത്തിലെ വെള്ളം വറ്റിച്ച് കുളത്തിലെ ചെളിയും മണ്ണും മാറ്റുന്നതിനായി Initial Levels എടുത്ത്, CTE യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രവൃത്തി മാർച്ച് മാസത്തിൽ തന്നെ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ